"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ദുരന്ത നിവാരണ വകുപ്പ് - പ്രകൃതിക്ഷോഭത്തിൽ ഭവനനാശം സംഭവിച്ചവർക്ക് ധനസഹായം അനുവദിക്കുന്നതിനായി തിരുവനന്തപുരം ജില്ലാ കളക്ടർക്ക് തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**ദുരന്ത നിവാരണ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.159/2026/DMD തീയതി,തിരുവനന്തപുരം, 14-03-2026

---

പരാമർശം:-

1. 02.04.2025 ലെ സ. ഉ. (സാധാ) നം. 207/2025/DMD
2. 24.06.2025 ലെ സ. ഉ. (സാധാ) നം. 414/2025/DMD
3. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 01.03.2026 തീയതിയിലെ DCTVM/17306/2025-FIN6 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

പ്രകൃതിക്ഷോഭ ദുരിതാശ്വാസ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട തുകകൾ അനുവദിക്കുന്നതിനായി പരാമർശം (1), (2) ഉത്തരവുകൾ പ്രകാരം സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ 2245-02-113-99- Repairs to Houses എന്ന ശീർഷകത്തിൽ നിന്നും തിരുവനന്തപുരം ജില്ലയ്ക്ക് 6,00,00,000 രൂപ (ആറ് കോടി രൂപ മാത്രം) അനുവദിച്ചിരുന്നു. പ്രകൃതിക്ഷോഭത്തിൽ ഭവനനാശം സംഭവിച്ചവർക്ക് ധനസഹായം അനുവദിക്കുന്നതിനായി പ്രസ്തുത തുക അപര്യാപ്തമായതിനാൽ 2245-02-113-99- Repairs to Houses എന്ന ശീർഷകത്തിൽ തിരുവനന്തപുരം ജില്ലയ്ക്ക് 2,32,55,000/- രൂപ കൂടി (രണ്ട് കോടി മുപ്പത്തി രണ്ട് ലക്ഷത്തി അൻപത്തി അയ്യായിരം രൂപ മാത്രം) അനുവദിച്ചുതരണമെന്ന് പരാമർശം (3) പ്രകാരം തിരുവനന്തപുരം ജില്ലാകളക്ടർ അപേക്ഷിച്ചിരിക്കുന്നു.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. പ്രകൃതിക്ഷോഭ ദുരിതാശ്വാസ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട തുകകൾ അനുവദിക്കുന്നതിനായി തിരുവനന്തപുരം ജില്ലാകളക്ടർക്ക് സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ 22-45-113-99-Repairs to Houses എന്ന ശീർഷകത്തിൽ നിന്നും 2,32,55,000/- രൂപ കൂടി (രണ്ട് കോടി മുപ്പത്തി രണ്ട് ലക്ഷത്തി അൻപത്തി അയ്യായിരം രൂപ മാത്രം) അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

നടപ്പ് സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റ് പ്രൊവിഷനിൽ നിന്ന് തുക വിനിയോഗിക്കേണ്ടതാണ്. സംസ്ഥാന ദുരന്ത പ്രതികരണനിധിയുടെ മാനദണ്ഡപ്രകാരം മാത്രം തുക വിനിയോഗിക്കേണ്ടതും തുകയുടെ വിനിയോഗം സംബന്ധിച്ച വിവരം NDMIS പോർട്ടലിൽ രേഖപ്പെടുത്തേണ്ടതും വിനിയോഗ സർട്ടിഫിക്കറ്റ് സർക്കാരിലേക്ക് ലഭ്യമാക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
BINDU C VARGHESE
അഡിഷണൽ സെക്രട്ടറി

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), (എ&ഇ) കേരള, തിരുവനന്തപുരം
കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം
കമ്മീഷണർ, ദുരന്ത നിവാരണം
ജില്ലാകളക്ടർ, തിരുവനന്തപുരം
മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
ഫിനാൻസ് ഓഫീസർ, ദുരന്തനിവാരണ വകുപ്പ്
പൊതുജന സമ്പർക്ക വകുപ്പ് (Web and New Media)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
**Signed by Vincent U**
**Date: 15-03-2026 12:03:39**
സെക്ഷൻ ഓഫീസർ